**HADIA CSE Khutba Notes (21.12.2018)**

# അല്ലാഹുവിന് ഇഷ്ടമുള്ളവർ

ബഹുമാനപ്പെട്ട മുഹ്‌യുദ്ദീൻ ശൈഖ് മുതൽ അത്തിപ്പറ്റ മുഹ്‌യുദ്ദീൻ കുട്ടി ഉസ്താദ് വരെയുള്ള പല മഹാൻമാരും വഫാത്തായ ഒരു മാസത്തിലാണ് നാമിന്നുള്ളത്.

أَلَا إِنَّ أَوْلِيَاءَ اللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ (٦٢) الَّذِينَ آمَنُوا وَكَانُوا يَتَّقُونَ (٦٣) لَهُمُ الْبُشْرَىٰ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ ۚ لَا تَبْدِيلَ لِكَلِمَاتِ اللَّهِ ۚ ذَٰلِكَ هُوَ الْفَوْزُ الْعَظِيمُ (٦٤) - (سورة يونس)

അല്ലാഹുവിന്റെ ഔലിയാക്കളുടെ കറാമത്തുകളും അത്ഭുത സിദ്ധികളുമാണ് ഈ ആയത്ത് ഓതി നാം പറയാറുള്ളത്. എന്നാൽ ഈ ആയത്ത് നമുക്ക് തരുന്ന സന്ദേശമെന്തെന്ന് നാം ശ്രദ്ധിക്കേണ്ടതുണ്ട്.

സത്യത്തിൽ ഔലിയാക്കൾ എന്തെല്ലാം കാര്യങ്ങൾ ഉപേക്ഷിച്ചാണോ ആ സ്ഥാനത്തെത്തിയത് അത്തരം കാര്യങ്ങൾ ലഭിക്കാൻ വേണ്ടിയാണ് ഇന്ന് നാം അവരെ സമീപിക്കുന്നത്. ദുൻയാവിലെ സമ്പത്തും സ്ഥാനവും വേണ്ടെന്ന് വച്ചവരാണവർ. എന്നാൽ ഇവ രണ്ടും ലഭിക്കാനാണ് നാം അവരെക്കൊണ്ട് ദുആ ചെയ്യിപ്പിക്കുന്നതും അവരെ തവസ്സുൽ ചെയ്ത് അല്ലാഹുവോട് ദുആ ചെയ്യുന്നതും അവരുടെ മഖ്ബറകൾ സന്ദർശിക്കുന്നതും. ഇത് തീർത്തും വിരോധാഭാസമല്ലേ?. ദുൻയാവ് തീരേ വേണ്ടെന്ന് വച്ചവരാണ് അവർ. അവർ വെറുത്ത ദുൻയാവിൽ സമ്പത്തും സ്ഥാനവും ലഭിക്കാൻ നാം അവരെ ഉപയോഗിക്കുന്നു. അവർ ഇഷ്ടപ്പെട്ടതിൽ നിന്ന് നാം ബഹുദൂരം അകലെയാണ്. അവർ വെറുത്തതിലേക്ക് നാം അടുക്കുന്നു.

ഈ ആയത്തിൽ അല്ലാഹു പറയുന്നു: അല്ലാഹുവിന്റെ വലിയ്യാകാൻ രണ്ടു കാര്യങ്ങൾ നമുക്കുണ്ടാകണം.

ഒന്ന് الَّذِينَ آمَنُوا　　　　രണ്ട് وَكَانُوا يَتَّقُونَ

ഇതു രണ്ടും ഉണ്ടാകുമ്പോൾ രണ്ട് കാര്യങ്ങൾ ഉണ്ടാവാൻ പാടില്ല.

ഒന്ന് لَا خَوْفٌ عَلَيْهِمْ　　　　രണ്ട് وَلَا هُمْ يَحْزَنُونَ

ഖൗഫ് എന്നാൽ ഭാവിയെ കുറിച്ചുള്ള ആശങ്കയും ഭയവും. ഹുസ്ന് എന്നാൽ ഭൂതത്തെ കുറിച്ചുള്ള പരിഭവങ്ങൾ. കഴിഞ്ഞ കാലത്ത് ഞാൻ ഇത്രയേ സമ്പാദിച്ചുള്ളൂ, ആ ജോലിയിൽ ഞാൻ വെറുതേ കാലം കഴിച്ചു, മകനെ നല്ല വരുമാനം കിട്ടാവുന്ന കോഴ്സിൽ പഠിപ്പിച്ചില്ല... എന്നൊക്കെയുള്ള നമ്മുടെ ചിന്ത. എന്നാൽ ഇതു രണ്ടും ഉണ്ടാവാൻ പാടില്ല. ഇത് രണ്ടും ഇല്ലാത്തവരാണ് അല്ലാഹുവിന്റെ ഔലിയാക്കൾ എന്നാണ് അല്ലാഹു പറയുന്നത്.

പിന്നെ അവർക്കുള്ളത് ഈമാനും തഖ്‌വയുമാണ്. അതുകൊണ്ട് തന്നെ ( لَهُمُ الْبُشْرَىٰ فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ) ദുൻയാവിലെ ജീവിതത്തിൽ നല്ല ആനന്ദവും സന്തോഷവുമുണ്ടാവും.

പൊതുവെ നാം അമ്പിയാക്കളെയും ഔലിയാക്കളെയും കുറിച്ച് പരിചയപ്പെടുത്താറ് പ്രയാസവും ബുദ്ധിമുട്ടും ഉള്ളവരായിട്ടാണ്. അയ്യൂബ് നബിയും മുഹമ്മദ് നബി (സ്വ)യും അടക്കമുള്ളവർ അനുഭവിച്ച പ്രയാസങ്ങൾ നാം പറയും. എന്നാൽ ഖുർആൻ പറയുന്നത് അവർക്ക് ഐഹിക ജീവിതത്തിലും പരലോകത്തും സന്തോഷമാണ് എന്നാണ്. കാരണം അവരെ സമ്പന്ധിച്ചെടുത്തോളം ഇവയൊന്നും ഒരു പ്രയാസമായി അവർ കരുതിയതേ ഇല്ല. ദുൻയാവിലെ പ്രയാസങ്ങൾ അവരുടെ ഹൃദയങ്ങളെ ബാധിച്ചതേയില്ല. ദുൻയാവിലെ ഒന്നിനെയും അവർ കാര്യമായി കണ്ടില്ല. അവരുടെ മുന്നിലുള്ളത് അല്ലാഹു മാത്രമായിരുന്നു. അവർക്ക് ദുൻയാവിലെ ഭാവിയെ കുറിച്ച് ആശങ്കയോ ഭൂതത്തെ കുറിച്ച് പരിഭവമോ ഇല്ലാത്തതിനാൽ അവർ ദുൻയാവിൽ സന്തോഷത്തിലാണ്.

**HADIA CSE Khutba Notes (21.12.2018)**

# അല്ലാഹുവിന് ഇഷ്ടമുള്ളവർ

ഇതുണ്ടാക്കാനാണ് നാം ശ്രമിക്കേണ്ടത്. ദുൻയാവിൽ എന്തെങ്കിലും പ്രയാസം ഉണ്ടാകുമ്പോഴേക്ക് വിഷമിക്കേണ്ടതില്ല. അല്ലാഹു കൂടെയുള്ളവർക്ക് എന്ത് പ്രയാസം (لا تحزن إن الله معنا).

روى الترمذي (٢٣٩٨) عَنْ سَعْدِ بن أبي وقاص رضي الله عنه قَالَ : قُلْتُ : يَا رَسُولَ اللَّهِ , أَيُّ النَّاسِ أَشَدُّ بَلاءً ؟ قَالَ : الأَنْبِيَاءُ , ثُمَّ الأَمْثَلُ فَالأَمْثَلُ , فَيُبْتَلَى الرَّجُلُ عَلَى حَسَبِ دِينِهِ , فَإِنْ كَانَ دِينُهُ صُلْبًا اشْتَدَّ بَلاؤُهُ , وَإِنْ كَانَ فِي دِينِهِ رِقَّةٌ ابْتُلِيَ عَلَى حَسَبِ دِينِهِ , فَمَا يَبْرَحُ الْبَلاءُ بِالْعَبْدِ حَتَّى يَتْرُكَهُ يَمْشِي عَلَى الأَرْضِ مَا عَلَيْهِ خَطِيئَةٌ

ഇതിന്റെ അർത്ഥം അവർക്ക് പ്രയാസം ഉണ്ടാകുമെങ്കിലും അവരെ അതൊന്നും ബാധിക്കില്ല എന്നു മാത്രമല്ല, അവർക്ക് അതെല്ലാം ആനന്ദമാണ്. ഗർഭാവസ്ഥയിൽ സ്ത്രീ അനുഭവിക്കുന്ന പ്രയാസങ്ങളുടെ പേരിൽ അവൾ പരിഭവം പറയാത്തത് എന്തുകൊണ്ടാണ്? അനുഭവിച്ച ശേശം കുട്ടിയുണ്ടാവുക എന്ന ആനന്ദം ലഭിക്കുന്നതു കൊണ്ടല്ലേ?

അല്ലാഹുവിന്റെ ഇഷ്ടം ലഭിക്കുന്നു എന്നതിനുള്ള തെളിവായാണ് അവരെല്ലാം ഇത്തരം പ്രയാസങ്ങളെ കണ്ടത്. അതുകൊണ്ടാണ് പ്രയാസങ്ങളിൽ അവർക്ക് പരിഭവം ഇല്ലാതിരിക്കുന്നതും.

അല്ലാഹുവിന്റെ വലിയ്യ് എന്നാൽ അല്ലാഹുവിന്റെ ഇഷ്ടം ലഭിക്കുന്നവരാണ്. നമുക്ക് അല്ലാഹുവിനോട് ഇഷ്ടം ഉണ്ടാവുക എന്നതിനപ്പുറം അവന് നമ്മോട് ഇഷ്ടം ഉണ്ടാവുമ്പോഴാണ് വലിയ്യ് എന്ന് പറയപ്പെടുന്നത്. പ്രധാനമന്ത്രിയുടെ ആളാണെന്ന് നാം പറഞ്ഞതുകൊണ്ടായില്ല; അത് അംഗീകരിക്കുന്ന കാര്യങ്ങൾ പ്രധാനമന്ത്രിയുടെ ഭാഗത്ത് നിന്നുണ്ടാവണം. വലിയ്യ് എന്നാൽ അല്ലാഹു ഇങ്ങോട്ട് സ്നേഹിക്കുക എന്നാണ്.

ഇന്നീ ഉഹിബ്ബുഹു എന്ന് അല്ലാഹു നമ്മെ കുറിച്ച് പറയണം.

عن أبي هريرة ، أن رسول الله - ﷺ - قال إذا أحب الله العبد قال لجبريل : ياجبريل ، قد أحببت فلانا ، فأحبه ، فيحبه جبريل ، ثم ينادي في أهل السماء : إن الله قد أحب فلانا ، فأحبوه ، فيحبه أهل السماء ، ثم يوضع له القبول في الأرض ، وإذا أبغض الله العبد . قال مالك : لا أحسبه إلا قال في البغض مثل ذلك .

അപ്പോൾ അല്ലാഹു ഇങ്ങോട്ട് ഇഷ്ടപ്പെടുക എന്നതാണ് പ്രധാനം. അതെങ്ങനെയാണ് നാം അറിയുക?

നാം ഒരാളെ സ്നേഹിച്ചാൽ പല മാനദണ്ഡങ്ങൾ വെച്ച് അവനെ നിരീക്ഷിക്കാറുണ്ട്. ഹോട്ടലിൽ ബില്ല് കൊടുക്കുന്നതും, യാത്രയിൽ സഹകരിക്കുന്നതും എല്ലാം അനുഭവിക്കുമ്പോഴാണ് അവനെ നമുക്ക് ഇഷ്ടമാകുന്നത്. അവനു സമ്പത്തിനോട് ആർത്ഥിയില്ലെന്നും പിശുക്കില്ലെന്നും, പെരുമാറ്റത്തിൽ ന്യൂനതയില്ലെന്നും ക്ഷമിക്കാനും സഹിക്കാനും തയ്യാറാണെന്നുമെല്ലാം നാം പരീക്ഷിച്ചറിയാറുണ്ട്.

അല്ലാഹു നമ്മെ ഇഷ്ടപ്പെടുന്നു എന്നതിനുള്ള ലക്ഷണങ്ങളാണ് അവന്റെ പരീക്ഷണങ്ങൾ. തുർമുദിയിൽ പറയുന്നു:

قال ﷺ :إن عظم الجزاء مع عظم البلاء، وإن الله تعالى إذا أحب قوما ابتلاهم فمن رضي فله الرضا، ومن سخط فعليه السخط .رواه الترمذيوحسنه.

**HADIA CSE Khutba Notes (21.12.2018)**

# അല്ലാഹുവിന് ഇഷ്ടമുള്ളവർ

വിഷമവും പ്രയാസവും ഉണ്ടാവുമ്പോൾ ഈമാൻ ഇല്ലാതെയാവുന്നവരാണ് നമ്മിൽ പലരും. അല്ലാഹു നമ്മെ സ്നേഹിക്കുന്നു എന്ന ഉറപ്പ് നമുക്ക് തരുകയാണ് ഇതെല്ലാം എന്ന് നാം മനസ്സിലാക്കണം.

إِنَّهُمْ فِتْيَةٌ آمَنُوا بِرَبِّهِمْ وَزِدْنَاهُمْ هُدًى (١٣) وَرَبَطْنَا عَلَىٰ قُلُوبِهِمْ...

എന്നതിൽ പറഞ്ഞ ആ ഉറപ്പുള്ള ബന്ധം (**رَبَطْنَا**) നാം ഉണ്ടാക്കണം. അതിനാണ് നാം ശ്രമിക്കേണ്ടത്.

(في حديث عطاء) بن أبي رباح التابعي المكي الثقة عن ابن عباس رضي الله عنه قال لما دخل رسول الله - صلّى الله عليه وسلم - على الأنصار فقال أمؤمنون أنتم فسكتوا فقال عمر بن الخطاب رضي الله عنه وكان مع النبي - صلّى الله عليه وسلم – (أو كان جالساً معهم إذ ذاك) فأجاب نيابة عنهم وقال نعم يا رسول الله قال وما علامة إيمانكم قالوا نشكر على الرخاء (أي الرخص والسعة) ونصبر على البلاء (أي الاختبار والشدة) ونرضى بالقضاء فقال - صلّى الله عليه وسلم - مؤمنون أنتم ورب الكعبة

ഇതു മൂന്നുമാണ് അല്ലാഹുവിലേക്ക് എത്താനുള്ള മാർഗം.

ഖുനൂത്തിൽ നാം പറയുന്നു: ولك الحمد على ما قضيت

ഇതു പറഞ്ഞ് നിസ്കാര ശേഷം പുറത്തിറങ്ങി നാം പരിഭവം പറയുന്നു. ഇത് ശരിയല്ല. അല്ലാഹുവിന്റെ വിധിയിൽ തൃപ്തിപ്പെടണം. കാരണം അവൻ നമ്മെ ഇഷ്ടപ്പെടുന്നുണ്ട്. നാം അവനെയും. ഇഷ്ടമുള്ളവർ തരുന്നതെല്ലാം സ്വീകരിക്കുന്നവനാണ് യഥാർത്ഥ സ്നേഹിതൻ.

അപസ്മാരം മാറാൻ ദുആ ചെയ്യാൻ പറഞ്ഞ സ്ത്രീയോട്

عَطَاءُ بْنُ أَبِي رَبَاحٍ ، قَالَ : قَالَ لِي ابْنُ عَبَّاسٍ : أَلا أُرِيكَ امْرَأَةً مِنْ أَهْلِ الْجَنَّةِ ؟ قُلْتُ : بَلَى ، قَالَ : هَذِهِ الْمَرْأَةُ السَّوْدَاءُ أَتَتِ النَّبِيَّ، صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، فَقَالَتْ : إِنِّي أُصْرَعُ ، وَإِنِّي أَتَكَشَّفُ فَادْعُ اللَّهَ لِي ، فَقَالَ " : إِنْ شِئْتِ صَبَرْتِ وَلَكِ الْجَنَّةُ ، وَإِنْ شِئْتِ دَعَوْتُ اللَّهَ تَعَالَى أَنْ يُعَافِيَكِ " ، فَقَالَتْ : أَصْبِرُ ، قَالَتْ : إِنِّي أَتَكَشَّفُ ، فَادْعُ اللَّهَ أَلا أَتَكَشَّفَ ، فَدَعَا لَهَا . " رَوَاهُ الْبُخَارِيُّ

ദുആ എന്നത് അല്ലാഹുവോട് സംസാരിക്കാനുള്ള ഒരു അവസരമായിട്ടു കൂടി നാം കാണണം. ദുആ കൊണ്ട് ചോദിക്കുന്ന കാര്യം കിട്ടുക എന്നതിനപ്പുറം അല്ലാഹുവിനെ കിട്ടാനുള്ള മാർഗമായാണ് ഔലിയാക്കൾ മനസ്സിലാക്കിയിരുന്നത്. ആവശ്യം നിറവേറിയില്ലെങ്കിലും ദുആ എന്ന ഇബാദത്ത് ചെയ്യാൻ സാധിച്ചുവെന്നതിലായിരുന്നു അരുടെ സന്തോഷം. അതുകൊണ്ടാണ് ദുആ ഒരു ഇബാദത്താണ് എന്ന് പറയുന്നതും. തന്റെ കാമുകനിൽ നിന്ന് ഒന്നും കിട്ടിയില്ലെങ്കിലും അവനുമായി സംസാരിക്കുക എന്നതു തന്നെ വലിയ ഒരാനന്ദമാണ്.

اهْدِنَا الصِّرَاطَ الْمُسْتَقِيمَ (٦) صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ (٧)

**HADIA CSE Khutba Notes (21.12.2018)**

# അല്ലാഹുവിന് ഇഷ്ടമുള്ളവർ

നിഅ്മത് ചെയ്തവർ അമ്പിയാക്കളും സ്വാലിഹുകളുമാണ്. അവർ ഒരുപാട് പ്രയാസപ്പെട്ടവരായിട്ടും നിഅ്മത്ത് ചെയ്തവർ എന്നു പറയാൻ കാരണം അവർ അതിൽ സന്തോഷിക്കുകയായിരുന്നു എന്നതാണ്. അവർക്ക് ആശങ്കയോ പരിഭവമോ ഉണ്ടായിരുന്നില്ല.

ഖുർആൻ അനുസരിച്ച് ജീവിക്കന്നവർ ഇല്ലാതെയാവുമ്പോഴാണ് ഖിയാമത് നാൾ ഉണ്ടാകുന്നത്. അന്ത്യനാൾ അടുക്കുമ്പോൾ ഖുർആൻ ഉയർത്തപ്പെടും എന്നു പറയുന്നതിന്റെ വിവക്ഷ ഇതാണ്.

അതുകൊണ്ട് ഖുർആൻ അനുസരിച്ച് ജീവിക്കുന്നവരാകണം നാം. അങ്ങനെ ജീവിച്ചവരോട് സഹവസിക്കുകയും വേണം. അതുകൊണ്ടാണ് صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ എന്നു പറയുന്നത്. ഖുർആനും സുന്നത്തും അനുസരിച്ച് ജീവിക്കുന്നതു പോലെ തന്നെ പ്രധാനമാണ് അതനുസരിച്ചു ജീവിച്ചവരുടെ കൂടെ കൂടുക എന്നതും. ഖുർആനും ഹദീസും വായിച്ചു മനസ്സിലാക്കാൻ സാധിക്കാത്ത സാധാരണക്കാരെ സംബന്ധിച്ചെടുത്തോളം അവരാണ് ദീനിന്റെ പ്രമാണങ്ങൾ.

عَنِ ابْنِ عَبَّاسٍ ، قَالَ : قِيلَ : يَا رَسُولَ اللَّهِ ، أَيُّ جُلَسَائِنَا خَيْرٌ ؟ قَالَ : " مَنْ ذَكَّرَكُمْ بِاللَّهِ رُؤْيَتَهُ ، وَزَادَ فِي عِلْمِكُمْ مَنْطِقَهُ ، وَذَكَّرَكُمْ بِالآخِرَةِ عَمَلُهُ. "

മുഹ്‌യുദ്ദീൻ ശൈഖിനോട് താങ്കളുടെ കപ്പൽ മുങ്ങിയിരിക്കുന്നെന്ന് പറഞ്ഞ വ്യക്തിയോട് അദ്ദേഹം മറുപടി പറഞ്ഞത് അൽഹംദു ലില്ലാഹ് എന്നായിരുന്നു. ശേഷം അത് താങ്കളുടെ കപ്പൽ അല്ല എന്നു പറഞ്ഞപ്പോഴും അദ്ദേഹം പറയുന്നത് അൽഹംദു ലില്ലാഹ് എന്നാണ്. എന്തു സംഭവിച്ചാലും അല്ലാഹുവിനെ ഓർക്കുന്ന ഓർമിപ്പിക്കുന്ന ഇത്തരം ഔലിയാക്കളാണ് നമ്മുടെ മാതൃക. അവരെയാണ് നാം പിൻപറ്റേണ്ടതും സഹവസിക്കേണ്ടതും.

يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ (١١٩) سورة التوبة

റബീഉൽആഖർ മാസം മുഹ് യുദ്ദീൻ ശൈഖ്, കണ്ണിയത്ത് ഉസ്താദ്, അത്തിപ്പറ്റ ഉസ്താദ് തുടങ്ങിയവരുടെ കൂടെ കൂടണം എന്ന സന്ദേശമാണ് നമുക്ക് നൽകുന്നത്.
ഇവർക്കെല്ലാം അല്ലാഹു നൽകിയ നിഅ്മത്ത് എന്നത് ദുൻയാവിലെ നിഅ്മത്തായ സമ്പത്തും സ്ഥാനവുമല്ലെന്ന് മനസ്സിലാക്കാം. മറിച്ച്, ക്ഷമിക്കാനും സഹിക്കാനും അല്ലാഹുവിന്റെ വഴി തെരഞ്ഞെടുക്കാനുമുള്ള കഴിവാണ്. അതുകൊണ്ട് അത്തരം നിഅ്മത്തുകൾ ലഭിച്ചവരുടെ കൂടെ കൂടാം.
കറാമത്തുകൾ പ്രചരിപ്പിക്കലല്ല, മഹാൻമാരുടെ ജീവിത രീതി അനുധാവനം ചെയ്യലാണ് പ്രധാനം.
ഇങ്ങനെ സത്യസന്ധരുടെ കൂടെ കൂടുന്നതിന് വലിയ പുണ്യമുണ്ട്. അസ്ഹാബുൽ കഹ്ഫിന്റെ നായക്കും യൂനുസ് നബിയെ വിഴുങ്ങിയ മത്സ്യത്തിനുമെല്ലാം വലിയ സ്ഥാനം ലഭിക്കാൻ കാരണം ഈ സഹവാസമാണ്.

**ഖുതുബ നോട്ട്സ്**

**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519

csehadia@gmail.com I www.hadia.in

**HADIA CSE Khutba Notes (21.12.2018)**

# അല്ലാഹുവിന് ഇഷ്ടമുള്ളവർ

**For any clarification: Mob: 9947418451**